**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 13** **12-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് ആശ്വാസ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എസ്. ശബരീനാഥൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ രാജ്യം പൂർണ്ണമായും അടച്ചുപൂട്ടിയപ്പോൾ കുടിയേറ്റ തൊഴിലാളികൾ, കർഷകർ, അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവർ എന്നിവരെ പട്ടിണിയിൽ നിന്നും, പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുന്നതിന് സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; | (എ) | (എ) കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ഇവർക്കായി സ്വീകരിച്ച ആശ്വാസ നടപടികൾ എന്തൊക്കെയായിരുന്നു; | (ബി) | (ബി) കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ തൊഴിൽ വകുപ്പിന് കീഴിലെ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളായിട്ടുള്ള എല്ലാ തൊഴിലാളികൾക്കും ധനസഹായം നൽകുന്നതിനായി സർക്കാർ 357,38,97,840/-രൂപ അനുവദിച്ചിട്ടുണ്ട്. 18,49,789 തൊഴിലാളികൾക്കായി 187,22,66,000/-രൂപ കോവിഡ്-19 ധനസഹായ ഇനത്തിൽ ക്ഷേമനിധി ബോർഡുകൾ മുഖേന വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സാമ്പത്തിക ഭദ്രതയുള്ള ബോർഡുകൾ തനത് ഫണ്ടിൽ നിന്നും 9,93,964 തൊഴിലാളികൾക്കായി 156,80,76,050/-രൂപ ധനസഹായ വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പ് മുഖേന കോവിഡ്-19 ധനസഹായത്തിനായി സർക്കാർ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു. കോവിഡ്-19 ഭീതിവിതച്ച ആദ്യനാളുകളിൽ സംസ്ഥാനത്തെ തൊഴിലുടമകളും തൊഴിലാളികളും പാലിക്കേണ്ട വ്യവസ്ഥ സംബന്ധിച്ച് ലേബർ കമ്മീഷണർ പുറപ്പെടുവിച്ച സർക്കുലറിൽ സംസ്ഥാനത്തെ അതിഥിതൊഴിലാളികൾക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഇവരുടെ താമസം, ഭക്ഷണം എന്നിവയ്ക്കുള്ള ക്രമീകരണം ഒരുക്കുന്നതിന് തൊഴിലുടമകൾക്കും, കോൺട്രാക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് രാജ്യം സമ്പൂർണ്ണ |

| | | | |
|---|---|---|---|
| | | | അടച്ചിടലിലേയ്ക്ക് നീങ്ങിയപ്പോൾ തൊഴിൽ നഷ്ടപ്പെട്ടുകയും ക്രയവിക്രയത്തിന് മതിയായ പണലഭ്യതയില്ലാതെയുമായ സംസ്ഥാനത്തെ കുടിയേറ്റ തൊഴിലാളികളുടെ സാഹചര്യം സർക്കാർ വിലയിരുത്തികൊണ്ട് ഇത്തരം തൊഴിലാളികളോട് പുലർത്തിവരുന്ന കരുതലിന്റെ ഫലമായി ഇവരുടെ സുരക്ഷയും ക്ഷേമവും ഉറപ്പ് വരുത്തുന്നതിനായുള്ള പ്രത്യേക ശ്രദ്ധയും ജാഗ്രതയും കൈകൊള്ളുകയും കോവിഡ് -19 പ്രോട്ടോകോളിന് അനുസൃതമായി ഇതര സംസ്ഥാന തൊഴിലാളികൾക്ക് താമസ സൗകര്യവും ഭക്ഷണവും ലഭ്യമാക്കുന്നതിനുമുള്ള തീരുമാനം സർക്കാർ സ്വീകരിച്ചു. സംസ്ഥാനത്താകെ 21586 ക്യാമ്പുകൾ സജ്ജീകരിച്ച് 434280 അതിഥി തൊഴിലാളികൾക്ക് സമ്പൂർണ്ണമായ സുരക്ഷയും ക്ഷേമവും ഉറപ്പാക്കി അവരുടെ പൂർണ്ണ വിവരം ഗൂഗിൾ സ്പ്രെഡ് ഷീറ്റ് മുഖേന ശേഖരിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനത്തിൽ സംസ്ഥാന തൊഴിൽ വകുപ്പിന്റെ ആദ്യ ലക്ഷ്യം വിജയകരമായി പൂർത്തീകരിച്ചു. ലോക്ക്ഡൗണിന്റെ മൂന്നാം ഘട്ടമാകുമ്പോൾ ഇതര സംസ്ഥാന തൊഴിലാളികൾക്ക് സ്വദേശത്തേയ്ക്ക് മടങ്ങുവാൻ ശ്രമിക് ട്രെയിനുകൾ അനുവദിച്ചുകൊണ്ട് ഉത്തരവായി. ലഭ്യമായ ട്രെയിൻ സൗകര്യത്തിൽ സ്വദേശത്തേയ്ക്ക് മടങ്ങാൻ ആഗ്രഹിക്കുന്ന എല്ലാവരെയും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നാട്ടിലെത്തിക്കുന്ന നടപടിയും ശ്രമകരമായ പ്രവർത്തനമായിരുന്നു. 4.34 ലക്ഷം തൊഴിലാളികളെ സംസ്ഥാനം/ജില്ലാ തലത്തിൽ ക്രോഡീകരിച്ച് അവരിൽ നിന്നും 307138 തൊഴിലാളികളെ 216 ട്രെയിനുകളിലായി സ്വദേശത്തേക്ക് മടക്കി അയക്കുന്നതിനുള്ള നടപടി വിജയകരമായി പൂർത്തീകരിച്ചു. |
| (സി) | ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും സാമ്പത്തിക സഹായമോ, മറ്റ് സഹായമോ ലഭിച്ചിരുന്നോ; വിശദാംശം നൽകുമോ? | (സി) | (സി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കാർഷിക മേഖലയിലെ ഉണർവിനും, കർഷകർക്ക് മികച്ച വില ഉറപ്പാക്കുന്നതിനുമായി കേന്ദ്ര സർക്കാർ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് എന്ന ബൃഹത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മൂന്നു വർഷക്കാലയളവിൽ ഒരു ലക്ഷം കോടി രൂപ കാർഷിക മേഖലയിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ക്രെഡിറ്റ് ഗാരന്റി എന്ന നിലയിലും, മൂന്നു ശതമാനം പലിശ ഇളവ് നൽകുന്നതിലേക്കുമായാണ് ചെലവഴിക്കുക. കേരളത്തിന് പദ്ധതിയിൽ 2,520 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. കർഷകർക്കോ, ഉൽപ്പാദന സംഘങ്ങൾക്കോ, പ്രാഥമിക സംഘങ്ങൾക്കോ, സർക്കാർ ഏജൻസികൾക്കോ പ്രൊജക്റ്റ് റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | സമർപ്പിച്ച് അംഗീകാരം നേടി, സംരംഭങ്ങൾ ആരംഭിച്ച പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## കോവിഡ്-19 ധനസഹായത്തിന്റെ വിവരങ്ങൾ

| ബോർഡിന്റെ പേര് | സർക്കാർ അനുവദിച്ച തുക |
|---|---|
| കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 107564000 |
| കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 91125000 |
| കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 633000000 |
| കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | 17000000 |
| കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് | 304226000 |
| കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് (സ്കാറ്റേർഡ്) | 35000000 |
| കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ് | 275000000 |
| കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 1589997000 |
| കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 16700000 |
| കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് (മാച്ചിംഗ് ഗ്രാന്റ്) | 385685840 |
| കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് (ഇൻകം സപ്പോർട്ട് സ്കീം) | 30000000 |
| കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് (ഇൻകം സപ്പോർട്ട് സ്കീം) | 20000000 |
| വലിയ തോട്ടങ്ങൾ (ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്) | 65000000 |
| പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ (ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്) | 3600000 |
| ആകെ | **3573897840** |

## തനത് ഫണ്ടിൽ നിന്നും കോവിഡ്-19 ധനസഹായം വിതരണം ചെയ്തതിന്റെ വിവരങ്ങൾ

| ബോർഡിന്റെ പേര് | തുക |
|---|---|
| കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് | |
| • കോവിഡ് -19 ധനസഹായം (1000/-) | 715112000 |
| • കോവിഡ് -19 മാരകരോഗ ധനസഹായം (2000/-) | 498000 |
| ആകെ | **715610000** |
| കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | |
| • കോവിഡ് -19 ധനസഹായം (5000/-) | 71770000 |
| • കോവിഡ് -19 മാരകരോഗ ധനസഹായം (1000/-) | 14088000 |
| • അൺ എംപ്ലോയ്മെന്റ് ലോൺ | 100583700 |
| ആകെ | **186441700** |
| കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | |
| • ഒന്നാം ഘട്ടം | 240438500 |
| • രണ്ടാം ഘട്ടം | 136415000 |
| ആകെ | **376853500** |

| | |
|---|---|
| കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്<br>• കോവിഡ്-19 ധനസഹായം (5000/-)<br>• പലിശരഹിത വായ്പ (10000/-)<br>• പെൻഷൻകാർക്കുള്ള പ്രത്യേക ധനസഹായം (2000/-) | 3480000<br>3320000<br>1438000 |
| ആകെ | **8238000** |
| കേരള പുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് (അണം അറ്റാച്ച്ഡ്)<br>• കോവിഡ്-19 തൊഴിൽ നഷ്ടപരിഹാര ഗ്രാന്റ് (5000/-)<br>• തൊഴിൽ നഷ്ടപരിഹാര വായ്പ (2000/-, 10000/-)<br>• കോവിഡ് പോസിറ്റീവ് വായ്പ<br>• ക്വാറന്റൈൻ വായ്പ | 181675000<br>77327050<br>502200<br>1444600 |
| ആകെ | **260948850** |
| സ്കാറ്റേർഡ് കോവിഡ് ധനസഹായം (2000/-) | **19984000** |
| Grand Total | **1568076050** |

✓

Anshad
സെക്ഷൻ ഓഫീസർ